"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് - വയനാട് ജില്ലാ പഞ്ചായത്ത് - കോട്ടത്തറ ഗ്രാമപഞ്ചായത്ത് "**ചീരകത്ത് ഷെൽട്ടർ ഹോം**" എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1728/2025/LSGD തീയതി,തിരുവനന്തപുരം, 11-07-2025

---

പരാമർശം:- 1. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 05.09.2024 ലെ LSGD/PD/31237/2024-DB3 നമ്പർ കത്ത്

**ഉത്തരവ്**

2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് അനുബന്ധം II - വാല്യം II ൽ ക്രമ നമ്പർ 1674 ആയി അടങ്കൽ തുക ( 300 ലക്ഷം രൂപ) യുടെ 20% വകയിരുത്തിയിട്ടുള്ളതുമായ **'കോട്ടത്തറ ഗ്രാമപഞ്ചായത്ത് ചീരകത്ത് ഷെൽട്ടർ ഹോം'** എന്ന പ്രവൃത്തിയ്ക്കു ഭരണാനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് അനുബന്ധം II - വാല്യം II - ൽ ക്രമ നമ്പർ 1674 ആയി ഉൾപ്പെടുത്തി അടങ്കൽ തുക (300 ലക്ഷം രൂപ)യുടെ 20% തുക വകയിരുത്തിയിട്ടുള്ളതുമായ **'കോട്ടത്തറ ഗ്രാമപഞ്ചായത്ത് ചീരകത്ത് ഷെൽട്ടർ ഹോം'** എന്ന പ്രവൃത്തിയ്ക്ക് 300 ലക്ഷം (മുന്നൂറ് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയും, ടി പ്രവൃത്തിക്ക് ആവശ്യമായ ചെലവ് "4515-00-800-92(NP) " എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3. സെക്രട്ടറി, കോട്ടത്തറ ഗ്രാമപഞ്ചായത്ത്, വയനാട്
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
5. ധനകാര്യ (വികസന) വകുപ്പ് (E-2941209/DEV-3/173/2024-FIN തീയതി 04.12.2024) (എ.എസ്.നം. AS/LGD/25/43500)
6. ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
7. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി

8. കരുതൽ ഫയൽ (ഡി.ബി1/358/2024/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Signed by

Smitha. L

സെക്ഷൻ ഓഫീസർ

Date: 14-07-2025 12:45:20